**കാർഷിക കാലാവസ്ഥ നിർദ്ദേശക ബുള്ളറ്റിൻ, തൃശ്ശൂർജില്ല**

**പ്രവചന കാലയളവ് 17.8.2022 മുതൽ 21.8.2022 വരെ**

**വെള്ളാനിക്കര കേരള കാർഷിക സർവ്വകലാശാലയിലെ**
**കാർഷിക കാലാവസ്ഥാ ശാസ്ത്രപഠന വിഭാഗവും**
**ഭാരതീയ കലാവസ്ഥാവകുപ്പും സംയുക്തമായി തയ്യാറാക്കുന്നത്**

| എ.എ.എസ് ബുള്ളറ്റിൻ നമ്പർ 33/2022,(65) ചൊവ്വാഴ്ച്ച | തീയ്യതി 16/8/2022 |
|---|---|

**1. കഴിഞ്ഞ ആഴ്ചയിലെ അന്തരീക്ഷസ്ഥിതി:**

| മഴ (മി.മി) | ഉയർന്ന താപനില (°C) | കുറഞ്ഞ താപനില (°C) | കൂടിയ അന്തരീക്ഷ ആർദ്രത (%) | കുറഞ്ഞ അന്തരീക്ഷ ആർദ്രത (%) | കാറ്റിന്റെവേഗത (കിലോമീറ്റർ/ മണിക്കൂർ) | സൂര്യപ്രകാശ ത്തിന്റെ അളവ് (മണിക്കൂർ) | ബാഷ്പീകര ണം (മി.മി) |
|---|---|---|---|---|---|---|---|
| (40.2) | (29.4-31.9) | (22.7-24.4) | (92-98) | (57-78) | (1.8-4.6) | (1.3-9.2) | (2.0-3.7) |

**2. അടുത്ത 5 ദിവസത്തേക്കുള്ള ഇന്ത്യൻ കാലാവസ്ഥാ വിഭാഗത്തിന്റെ കാലാവസ്ഥാ പ്രവചനം:**

| കാലാവസ്ഥാ ഘടകങ്ങൾ | 17.08.2022 | 18.08.2022 | 19.08.2022 | 20.08.2022 | 21.08.2022 |
|---|---|---|---|---|---|
| മഴ (മില്ലി.മീറ്റർ) | 0.1 | 1 | 0.5 | 1 | 0.4 |
| ഉയർന്ന താപനില (°C) | 32 | 31 | 31 | 30 | 30 |
| കുറഞ്ഞ താപനില (°C) | 24 | 23 | 24 | 24 | 24 |
| കൂടിയ അന്തരീക്ഷ ആർദ്രത (%) | 92 | 92 | 92 | 92 | 92 |
| കുറഞ്ഞ അന്തരീക്ഷ ആർദ്രത (%) | 60 | 60 | 60 | 60 | 60 |
| കാറ്റിന്റെവേഗത(കിലോമീറ്റർ/മണിക്കൂർ) | 6 | 8 | 6 | 10 | 8 |
| കാറ്റിന്റെ ദിശ (ഡിഗ്രി) | 270 | 270 | 270 | 270 | 290 |
| മേഘവ്യാപ്തി (ഒക്ട്സ) | 5 | 6 | 6 | 6 | 6 |

കാലാവസ്ഥാ അറിയിപ്പ്: ജില്ലയിൽ വളരെ നേരിയ തോതിൽ മഴയ്ക്ക് സാധ്യത. കേരളത്തിൽ ശരാശരിയേക്കാൾ കുറവ് മഴ ലഭിക്കാൻ സാധ്യത.

**അടുത്ത അഞ്ച് ദിവസത്തേക്കുള്ള മഴയുടെ പ്രവചനം**

| 2022 ആഗസ്റ്റ് 17 | 2022 ആഗസ്റ്റ് 18 | 2022 ആഗസ്റ്റ് 19 | 2022 ആഗസ്റ്റ് 20 | 2022 ആഗസ്റ്റ് 21 |
|---|---|---|---|---|
| വളരെ നേരിയ മഴ | വളരെ നേരിയ മഴ | വളരെ നേരിയ മഴ | വളരെ നേരിയ മഴ | വളരെ നേരിയ മഴ |

**3. വിള പരിപാലനത്തിനുള്ള പൊതുനിർദ്ദേശങ്ങളും കാർഷിക നിർദ്ദേശങ്ങളും**

പൊതു നിർദേശങ്ങൾ: മഴ കുറഞ്ഞു വരുന്ന സാഹചര്യത്തിൽ വിളകൾക്ക് വളപ്രയോഗം, കീടനാശിനിപ്രയോഗം മുതലായ വിളസംരക്ഷണ മാർഗ്ഗങ്ങൾ സ്വീകരിക്കാവുന്നതാണ്. കൊപ്ര, അടയ്ക്ക മുതലായവ വെയിലുകാണമ്പോൾ ഉണക്കാവുന്നതാണ്..

| വിളകൾ | രോഗ കീടങ്ങൾ | കാർഷിക/ മൃഗസംരക്ഷണ നിർദ്ദേശങ്ങൾ |
|---|---|---|
| നെല്ല് -വിരിപ്പ് - ചിനപ്പ് പൊട്ടുന്ന പരുവം | പരിചരണം | നെല്ലിലെ സൂക്ഷ്മ മൂലകങ്ങളുടെ കുറവ് പരിഹരിക്കുന്നതിനായി മഗ്നീഷ്യം,സൾഫർ , ബോറോൺ, സിങ്ക്, കോപ്പർ, അയൺ, മാംഗനീസ്, മോളിബ്ഡിനം എന്നിവ അടങ്ങിയിട്ടുള്ള കാർഷിക സർവ്വകലാശാലയിൽ ലഭ്യമായ നെല്ലിന്റെ സമ്പൂർണ്ണ 10 ഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ കലക്കി തളിച്ചുകൊടുക്കുക. ഹ്രസ്വാകാല മൂപ്പുള്ള ഇങ്ങൾക്കും, മധ്യകാല മൂപ്പുള്ള ഇനങ്ങൾക്കും മേൽ വളമായി ഒരേക്കറിന് 20 കിലോ യൂറിയയും 10 മുതൽ 12 കിലോ പൊട്ടാഷും നൽകാവുന്നതാണ് . |
| വാഴ | മാണഅഴുകൽ | തുടർച്ചയായി മഴ ലഭിച്ചതിന്റെ ഫലമായി വാഴയിൽ മാണ അഴുകൽ രോഗത്തിന് സാധ്യതയുണ്ട്. ഇതിന് പ്രതിരോധനടപടിയായി 20 ഗ്രാം സ്യൂഡോമോണാസ് ഒരു ലിറ്റർ വെള്ളത്തിൽ കലക്കി മൂന്ന് ലിറ്റർ വീതം ഓരോ വാഴയുടെ ചുവട്ടിലും ഒഴിച്ച് കൊടുക്കുക. |
| കുരുമുളക് | ദ്രുതവാട്ടം | തുടർച്ചയായി മഴ ലഭിച്ചതിന്റെ ഫലമായി അന്തരീക്ഷ ആർദ്രത കൂടിയ സാഹചര്യത്തിൽ കുരുമുളകിലെ ദ്രുതവാട്ട രോഗത്തിന് സാധ്യതയുണ്ട്. പ്രതിരോധിക്കാനായി 1% വീര്യമുള്ള ബോർഡോ മിശ്രിതം തളിച്ച് കൊടുക്കുകയും രണ്ടര മുതൽ മൂന്ന് ഗ്രാം കോപ്പർ ഓക്സിക്ലോറൈഡ് ഒരു ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ കലക്കി ചെടിയുടെ തടത്തിൽ മൂന്നു മുതൽ അഞ്ച് തവണയായി ഒഴിച്ച് കൊടുക്കുക. |
| ഇഞ്ചി | തണ്ടു തുരപ്പൻ | ഇഞ്ചിയിൽ തണ്ടുതുരപ്പന്റെ ആക്രമണം കാണാൻ സാധ്യതയുണ്ട്. ഇതിനു പ്രതിവിധിയായി ബ്യൂവേറിയ 20 ഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ കലക്കി തളിക്കുക |

മൃഗസംരക്ഷണം - കന്നുകാലികൾക്ക് ചാണക പരിശോധന നടത്തി വിരയുണ്ടോ എന്ന് ഉറപ്പാക്കിയതിനു ശേഷം വിര മരുന്ന് നൽകുക. കന്നുകുട്ടികൾക്ക് ആദ്യഡോസ് വിര മരുന്ന് പ്രസവിച്ചു രണ്ടാഴ്ചക്കുള്ളിൽ നൽകണം.(CAADECCS, KVASU, Mannuthy).